"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

GEDN-ജെ2/57/2020-G.EDN　　　　　　പൊതുവിദ്യാഭ്യാസ(ജെ)വകുപ്പ്

27/07/2020, തിരുവനന്തപുരം

സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സർ,

വിഷയം:- പൊവിവ - തസ്തിക നിർണ്ണയം 2020-21 - സംബന്ധിച്ച്.

സൂചന:- താങ്കളുടെ 25.06.2020 തീയതിയിലെ എച്ച്2/19600/2019/ഡിജിഇ നം കത്ത്

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 2020 - 21 അധ്യയന വർഷത്തെ തസ്തിക നിർണ്ണയം സംബന്ധിച്ച് താഴെപറയുന്ന വിധം നിർദ്ദേശം നൽകുന്നു.-

1. സ്കൂളുകളിൽ തസ്തിക നിർണ്ണയം നടത്തുന്നത് കെ . ഇ . ആർ . അധ്യായം XXIII, ചട്ടം 12 പ്രകാരം സ്കൂൾ തുറന്ന് 6- ാം പ്രവൃത്തി ദിവസത്തെ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് . കോവിഡ് - 1 9 വ്യാപനത്തെ തുടർന്നുള്ള അസാധാരണ സാഹചര്യത്തിൽ സ്കൂൾ തുറക്കുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊണ്ടിട്ടില്ല . ഈ സാഹചര്യത്തിൽ യഥാർത്ഥത്തിൽ സ്കൂൾ തുറന്ന്, തുടർ ന്നുള്ള 6 - ാം പ്രവൃത്തി ദിവസത്തിന്റെ അടിസ്ഥാനത്തിൽ തസ്തിക നിർണ്ണയം നടത്തേണ്ടതാണ്. അതോടൊപ്പം, അസാധാരണമായ ഈ സാഹചര്യം കണക്കിലെടുത്ത് നിയമനാംഗീകാരത്തോടെ തുടരുന്ന അധ്യാപകരുടേയും അനധ്യാപകരുടേയും ശമ്പളം 2020-21 വർഷത്തെ തസ്തിക നിർണ്ണയം നടക്കുന്നത് വരെയും തുടർന്നും നൽകേണ്ടതാണ്.
2. പുതിയ അധ്യാപക വിദ്യാർത്ഥി അനുപാതം സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു, തീരുമാനമുണ്ടാകുന്ന മുറയ്ക്ക് കെ . ഇ . ആർ . ഭേദഗതി പരിഗണിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,
**ചിത്ര കെ ദിവാകരൻ**
**അണ്ടർ സെക്രട്ടറി**
സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ
Signature Not Verified
Digitally signed by REENAMMA P A
Date: 2020.07.27 13:48:45 IST
Reason: Approved
സെക്ഷൻ ഓഫീസർ